ഭരണഭാഷ – മാതൃഭാഷ

**സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്, തിരുവനന്തപുരം**

**dtekerala@gmail.com**

**0471 2561314**

**നടപടിക്രമം**

സാങ്കേതിക വിദ്യാഭ്യാസം - ജീവനക്കാര്യം (ഗ്രഡേഷൻ) ഈ വകുപ്പിൽ **31.12.2025** വരെ വിവിധ ട്രേഡുകളിൽ ട്രേഡ്സ്മാൻ തസ്തികയിൽ നിയമനം ലഭിച്ച ജീവനക്കാരുടെ അന്തിമ സീനിയോറിറ്റി ലിസ്റ്റ് പരിഷ്ക്കരിച്ച് പ്രസിദ്ധീകരിക്കുന്നത് - സംബന്ധിച്ച്

---

ജീവനക്കാര്യം (ജി ) വിഭാഗം

നം.**DTETVM/173/2026-EG3 (EG)** തിരുവനന്തപുരം, തീയതി : **13-07-2026**

---

വായന :- **1.** ഈ ഓഫീസിലെ **13-05-2026** തീയതിയിലെ ഇതേ നമ്പർ ഉത്തരവ്

**2** വിവിധ സ്ഥാപന മേധാവികളിൽ നിന്നും ലഭിച്ച ജീവനക്കാരുടെ പരാതികൾ.

**ഉത്തരവ്**

ഈ വകുപ്പിൽ **31.12.2025** വരെ വിവിധ ട്രേഡുകളിൽ ട്രേഡ്സ്മാൻ തസ്തികയിൽ നിയമനം ലഭിച്ച ജീവനക്കാരുടെ അന്തിമ സീനിയോറിറ്റി ലിസ്റ്റ് വായന **1** ഉത്തരവ് പ്രകാരം പ്രസിദ്ധീകരിച്ചിരുന്നു. വായന **2** പ്രകാരം, ട്രേഡ്സ്മാൻമാരുടെ അന്തിമ സീനിയോറിറ്റി ലിസ്റ്റ് സംബന്ധിച്ച്, ജീവനക്കാരിൽ നിന്നു ലഭിച്ച അപേക്ഷകൾ/ ആക്ഷേപങ്ങൾ, ബന്ധപ്പെട്ട സ്ഥാപന മേധാവി മുഖേന ഈ ഓഫീസിൽ ലഭ്യമാക്കിയിട്ടുണ്ട്. ആയത് പരിശോധിച്ചു, താഴെ പറയും പ്രകാരം അന്തിമ സീനിയോറിറ്റി ലിസ്റ്റ് പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

എ) ഓട്ടോമൊബൈൽ / ഡീസൽ മെക്കാനിക് / ഹീറ്റ് എൻജിൻ / ടൂ വീലർ & ത്രീ വീലർ മെയിന്റനൻസ് വിഭാഗത്തിലെ ക്രമ നമ്പർ **7** ആയ ശ്രീ. നിഷാദ് എസ്, പി.എസ്.സി.യുടെ അഡ്വൈസ് പ്രകാരം ടിയാനുശേഷം അഡ്വൈസ് ലിസ്റ്റിൽ ഉൾപ്പെട്ട ശ്രീ. മനു ആർ. കൃഷ്ണൻ സീനിയോറിറ്റി ലിസ്റ്റിൽ ടിയാനെക്കാൾ മുൻപിൽ ഉൾപ്പെട്ടിരിക്കുന്നുവെന്നും, ആയതിനാൽ ടിയാൻറെ സ്ഥാനം പുനഃ ക്രമീകരിക്കണമെന്ന് അപേക്ഷിച്ചിരിക്കുന്നു. ആയത് പരിശോധിച്ചു, ക്രമ നമ്പർ **7** ആയ ശ്രീ. നിഷാദ് എസ്. ന്റെ സ്ഥാനം ക്രമ നമ്പർ **6** ആയും, ക്രമ നമ്പർ **6** ആയ ശ്രീ. മനു ആർ. കൃഷ്ണന്റെ സ്ഥാനം ക്രമ നമ്പർ **7** ആയും പുനഃക്രമീകരിച്ച് വായന **2** അന്തിമ സീനിയോറിറ്റി ലിസ്റ്റ് പരിഷ്കരിച്ച് ഉത്തരവാകുന്നു.

ബി) കാർപെൻററി വിഭാഗത്തിൽ ക്രമ നമ്പർ **1** ആയ ശ്രീ. നിർമൽ എം ആർ ന്റെ പ്രൊബേഷൻ പൂർത്തീകരിച്ച തീയതി **28.03.2025** എന്നും, **PEN : 950786** ഉൾപ്പെടുത്തിയും വായന **2** അന്തിമ സീനിയോറിറ്റി ലിസ്റ്റ് പരിഷ്കരിച്ച് ഉത്തരവാകുന്നു.

സി) സിവിൽ എഞ്ചിനീയറിംഗ് / മേസനറി / സോയിൽ മെക്കാനിക് വിഭാഗത്തിൽ ക്രമ നമ്പർ **5** ആയ ശ്രീമതി കൊച്ചുത്രേസ്യ കെ എം ന്റെ പ്രൊബേഷൻ പൂർത്തീകരിച്ച തീയതി **17.10.2025** എന്ന് ഉൾപ്പെടുത്തി വായന **2** അന്തിമ സീനിയോറിറ്റി ലിസ്റ്റ് പരിഷ്കരിച്ച് ഉത്തരവാകുന്നു.

ഡി) ഇലക്ട്രോണിക്സ് വിഭാഗത്തിൽ ക്രമ നമ്പർ **64** ആയ ശ്രീ. ബിജു ടി യുടെ പ്രൊബേഷൻ പൂർത്തീകരിച്ച തീയതി **09.05.2025** എന്നും, **PEN : 756813** ഉൾപ്പെടുത്തിയും വായന **2** അന്തിമ സീനിയോറിറ്റി ലിസ്റ്റ് പരിഷ്കരിച്ച് ഉത്തരവാകുന്നു.

ഇ) ഫിറ്റിങ് വിഭാഗത്തിൽ ക്രമ നമ്പർ **21** ആയ ശ്രീ അഭിരാജ് ആർ ന്റെ യോഗ്യതയിൽ ബി.ടെക്ക് കൂടി ഉൾപ്പെടുത്തി വായന **2** അന്തിമ സീനിയോറിറ്റി ലിസ്റ്റ് പരിഷ്കരിച്ച് ഉത്തരവാകുന്നു.

എഫ്) പ്ലംബിംഗ് / ഹൈഡ്രോളിക്സ് വിഭാഗത്തിലെ ക്രമ നമ്പർ **11** ആയ ശ്രീ. ഹുസ്നി മുബാഷിർ കെ. ടി. യുടെ പേര് ഹുസ്നി മുബാഷിർ ടി. എന്നു തെറ്റായി രേഖപ്പെടുത്തിയതായി അപേക്ഷിച്ചിരിക്കുന്നു. അതനുസരിച്ച്, ക്രമ നമ്പർ **11** ഹുസ്നി മുബാഷിർ കെ. ടി. എന്നു തിരുത്തുകയും, ടിയാൻറെ യോഗ്യതയിൽ ഡിപ്ലോമ ഉൾപ്പെടുത്തുകയും ചെയ്തുകൊണ്ട് വായന **2** അന്തിമ സീനിയോറിറ്റി ലിസ്റ്റ് പരിഷ്കരിച്ച് ഉത്തരവാകുന്നു.

ജി) പ്ലംബിംഗ് / ഹൈഡ്രോളിക്സ് വിഭാഗത്തിൽ ക്രമ നമ്പർ **5** ആയ ശ്രീ. പ്രമോദ് കുമാർ. വി. യുടെ പ്രൊബേഷൻ പൂർത്തീകരിച്ച തീയതി **14.09.2025** എന്നും, **PEN : 962811** ഉൾപ്പെടുത്തിയും വായന **2** അന്തിമ സീനിയോറിറ്റി ലിസ്റ്റ് പരിഷ്കരിച്ച് ഉത്തരവാകുന്നു.

പ്രസ്തുത അന്തിമ സീനിയോറിറ്റി ലിസ്റ്റ് മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

സ്ഥാപനമേധാവികൾ പ്രസ്തുത അന്തിമ സീനിയോറിറ്റി ലിസ്റ്റ് പരിശോധിക്കേണ്ടതും ആയത് ബന്ധപ്പെട്ട ജീവനക്കാർക്ക് നൽകേണ്ടതുമാണ്.

Digitally signed by Jayaprakash P
Date: 13-07-2026 11:49:15

**Dr JAYAPRAKASH P**
**DIRECTOR**

പകർപ്പ്

1. ബന്ധപ്പെട്ട ജീവനക്കാർക്ക്/ സ്ഥാപന മേലധികാരികൾക്ക് (ഔദ്യോഗിക വെബ്സൈറ്റ് മുഖേന)
2. സൂപ്രണ്ട്, ഇബി സെക്ഷൻ
3. സിസ്റ്റം അനലിസ്റ്റ്, ഡിടിഇ (പ്രസിദ്ധീകരണത്തിന്)